**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 522** **13-01-2021 - ൽ മറുപടിയ്ക്ക്**

**കേരള സോപ്പ്സിന്റെ ഉടമസ്ഥതയിലുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പ്രദീപ് കുമാർ | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കേരള സോപ്പ്സിന്റെ ഉടമസ്ഥതയിലുള്ള ഗാന്ധി റോഡിലെ 3.5 ഏക്കർ ഭൂമി കിൻഫ്രക്ക് കൈമാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സോപ്പ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിന്റെ ഗാന്ധി റോഡിലുള്ള 337.58 സെന്റ് സ്ഥലം കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഭൂമിയുടെ തുക കേരളാ സോപ്പ്സിന് ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഈ ഭൂമിക്ക് എത്ര തുകയാണ് വില നിർണ്ണയിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത ഭൂമിക്ക് സെന്റൊന്നിന് 2,50,000/- രൂപ വില നിർണ്ണയിച്ചിട്ടുണ്ട്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ഡി) | കേരള സോപ്പ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിന്റെ ഗാന്ധി റോഡിലുള്ള കിൻഫ്രയ്ക്ക് കൈമാറിയ ഭൂമിയുടെ വില സെന്റൊന്നിന് 2.5 ലക്ഷം രൂപ നിരക്കിൽ KSIE-യ്ക്ക് കൈമാറുന്നതിനും, ഭൂമിയുടെ കൈവശാവകാശം, അളവ്, ഭൂമി സംബന്ധമായ മറ്റ് രേഖകൾ എല്ലാം റവന്യൂ വകുപ്പുമായി ആലോചിച്ച് കൃത്യത ഉറപ്പുവരുത്തുന്നതിനും, കൂടാതെ കയ്യേറിയ ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടറുമായി ചർച്ച ചെയ്ത് അടിയന്തര നടപടി കിൻഫ്ര സ്വീകരിക്കാൻ ഇത് സംബന്ധിച്ച് കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ